വിഷയം : ആവിഷ്കാര സ്വാതന്ത്ര്യം, സാമൂഹിക ജീവിതത്തിൽ

## നാം നമ്മിലേക്കും . . . പൊതു സമൂഹത്തിലേക്കും . .

'നാം ഒരു സമൂഹ ജീവിയാണ്' - ഈ പ്രസ്താവന ഒരിക്കലെങ്കിലും കേൾക്കാത്തവർ ഉണ്ടാവില്ല. സമൂഹമെന്ന വിശ്വ-വിശാലമായ അനന്ത വിഹായസ്സിലെ ~~ഒരു~~ ഘടകങ്ങളാണ് നാം ഓരോരുത്തരും. വ്യക്തികളിൽ നിന്നും ഉടലെടുക്കുന്ന സമൂഹ വിഭിന്നവും വ്യത്യസ്തവുമായ കാഴ്ചപ്പാടുകളാർന്നതാണ്. എന്നാൽ നാം അധിവസിക്കുന്ന സമൂഹത്തെ എന്നെങ്കിലും നാം ആഴത്തിൽ മനസ്സിലാക്കിയിട്ടുണ്ടോ . . ? ഇല്ല - എന്നതാവും ഭൂരിഭാഗം പേരുടെയും ഉത്തരം. ~~സമൂഹത്തിലെ~~ സമൂഹത്തെ ആഴത്തിൽ കീറിമുറിച്ച് പഠിക്കുക എന്നത് അതികഠിനമാണ്. അവിടെ നിലനിൽക്കുന്ന പ്രതിസന്ധികളും, അനുകൂല-പ്രതികൂല ഘടകങ്ങളുമെല്ലാം നാം മനസ്സിലാക്കിയേ തീരൂ.

അനന്തവിഹായസ്സായ സമൂഹം വിഭിന്ന കാഴ്ചപ്പാടുകളാർന്ന വ്യക്തികളാൽ സമ്പന്നമാണ്. 'വ്യക്തിയുടെ ~~[illegible]~~ തനിമയാണ് വ്യക്തിത്വം' മറ്റൊരാളിൽ നിന്നും ഒരുവനെ എന്തു ഘടകമാണോ വ്യത്യസ്തനാക്കുന്നത്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 113

ആ ഘടകം തന്നെയാണ് അവന്റെ വ്യക്തിത്വത്തെ
ചട്ടക്കൂടാക്കുന്നത്. അത്തരത്തിൽ വ്യത്യസ്തമാർന്ന കാഴ്ച
പ്പാടുകൾ, അഭിപ്രായങ്ങൾ, തീരുമാനങ്ങൾ ഇവയെല്ലാം
അതിൽ ഉൾപ്പെടുന്നു. മറ്റുള്ളവരുടെ താൽപര്യങ്ങളും
അഭിപ്രായങ്ങളും കൂടി പരിഗണിക്കുകയും അവയെ
അംഗീകരിക്കുകയും ചെയ്യുക എന്നത് 'വ്യക്തിത്വം' എന്ന
ഘടകത്തെ അർത്ഥവത്താക്കുന്നു.

പൊതു സമൂഹത്തിൽ
ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് 'സ്വാതന്ത്ര്യം'
ഇന്ന് സ്വാതന്ത്ര്യത്തെ പറ്റി വാതോരാതെ സംസാരിക്കുന്ന
ആദർശധീരൻമാർക്ക് യഥാർത്ഥത്തിൽ അതെന്ത് എന്ന്
തന്നെ ~~അറിയില്ലായിരിക്കും~~ അറിയാൻ വഴിയില്ല. ഒരാളുടെ
സ്വന്തം താൽപര്യത്തിനായി മാത്രം മറ്റുള്ളവരുടെ അഭിപ്രാ
യത്തെ ഹനിക്കുന്നത് ഒരു തരം സ്വാതന്ത്ര്യ ലംഘനമല്ലേ...?
പൂർണ്ണ സ്വാതന്ത്ര്യത്തോട് കൂടി
ഓരോ വ്യക്തിക്കും പൊതു സമൂഹത്തിൽ സംസാരിക്കു
വാനും അതുപോലെ തന്നെ തന്റെ ആശയങ്ങളെ മറ്റു
ള്ളവരുടെ അഭിപ്രായം കൂടി മാനിച്ചുകൊണ്ട് മുന്നോട്ടു
വയ്ക്കുവാനും ഉള്ള പൂർണ്ണ അവകാശമുണ്ട്. മൂല്യങ്ങളെയും
നിയമങ്ങളെയും അനുസരിക്കുന്ന ഒരു വ്യക്തി അതിന്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 113

ചേർന്ന വൈവിധ്യസത്തയാണ്.

പുതുമയാർന്ന ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും വേണ്ടി ദാഹിക്കുകയാണ് പൊതു സമൂഹം. ഓരോ പുതിയ ആശയത്തെയും നിറകൈകളോടെ സ്വീകരിക്കുന്ന സമൂഹം അനു-ദിനം ഉയർച്ചയിലേക്ക് കുതിക്കുകയാണ്. 'വികസനം' എന്ന സ്വപ്ന ലക്ഷ്യം ഇന്നത്തെ സമൂഹത്തിന് പുതു [illegible] പകരുന്നു. കലയിലും, സാഹിത്യത്തിലും, ശാസ്ത്രത്തിലും പൊതു-ജന സേവനത്തിലും, ആരോഗ്യ രംഗത്തും, സാങ്കേതികതയിലുമെല്ലാം തന്നെ അനു-ദിനം വളർന്നു കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹം കാഴ്ചപ്പാടും മൂല്യബോധവുമുള്ള വ്യക്തികളാലും സമ്പന്നമാണ്.

കലകളും - സാഹിത്യങ്ങളും അനന്യമാണ്. കാലങ്ങളോളം നശിക്കാ അതിന്റെ ചൈതന്യം വരും തലമുറകൾക്കും പ്രചോദനമാണ്. ഒരുവന്റെ കഴിവുകളെ പകർന്ന സ്വാതന്ത്ര്യത്തോടെ വേദികളിലും അവതരിപ്പിക്കാൻ കഴിയുകയും അതുവഴി മറ്റുള്ള വ്യക്തികളെ അതിലേക്കാകർഷിക്കുകയും അവർക്ക് അതിലൂടെ ലഭിക്കുന്ന ആനന്ദവും, അഭിവൃദ്ധിയും അതു പോലെ പ്രചോദനവുമാണ് ഒരു കലാകാരനെ സംബന്ധിച്ചി-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ടത്തോളം ഏറ്റവും വലിയ ചാരിതാർത്ഥ്യം. ഇന്ന് ലോക
ത്തിന്റെ ഏത് കോണിലും ഒരുവന് അവന്റെ അഭിപ്രാ
യങ്ങൾ പ്രതിഫലിപ്പിയ്ക്കാനും വ്യക്തമാക്കുവാനും ~~അഭിപ്രാ~~
ഉള്ള പൂർണ്ണ സ്വാതന്ത്ര്യം നമ്മുടെ സമൂഹം നൽകു-
ന്നു. അത് വഴി വളർന്നുവരുന്ന നവ പ്രതിഭകളിൽ
പുതു തലമുറകളും ഉൾപ്പെടുന്നു. നാളെയുടെ പ്രതിഭകളാ
കേണ്ട പൊൻ മുകുളങ്ങൾക്ക് വിടരാൻ ഒരു ~~വഴിയാണ്~~ വാതിലാണ്
ഇത് വഴി തുറക്കപ്പെടുന്നത്. തങ്ങളുടെ കഴിവുകളേയും
അതിലുപരി വേറിട്ട ചിന്താ/ വ്യക്തിത്വത്തെയും പൊതു
സമൂഹത്തിലേക്ക് ~~ആ~~ ആവിഷ്കരിച്ച് അവിടെ ~~ഒ~~ ആഴത്തി
ലുള്ള വേരുകൾ സൃഷ്ടിച്ച് പടർന്ന് പന്തലിച്ച് ഒരു
വൻ വൃക്ഷമായി തീരാൻ ഓരോ വ്യക്തിയെയും അത്
സഹായിക്കുന്നു. "പല തുള്ളി പെരുവെള്ളം" എന്ന
വരികൾ ഇവിടെ അതീവ ~~പ്രാധാ~~ പ്രാധാന്യമർഹി
യ്ക്കുന്നു. ചെറിയ ചെറിയ അറിവുകൾ ചേർന്ന് ഒരു
വിശാല സമ്പന്നവും പൂർണ്ണതയുള്ളതുമാകുന്നത് പോലെ
പലരുടേയും അഭിപ്രായങ്ങളെ അളന്ന് - തൂക്കി
മിത്തുകളെ വേർതിരിച്ച് പരിശുദ്ധമാക്കുമ്പോൾ അത്
ഒരു വൻ യാഥാർത്ഥ്യത്തിലേക്കാവും നമ്മെ നയിക്കുക.
അത്തരത്തിൽ യാഥാർത്ഥ്യങ്ങൾ ഉണ്ടായാൽ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മാറണമെ നാം സ്വപ്നം കാണുന്ന ഒരു പൂർണ്ണ സ്വാതന്ത്ര്യ വികസിത 'സമൂഹം' നമ്മുടെ സൃഷ്ടിയ് ആകണം.

നമ്മുടെ ഏവർക്കും സുപരിചിതമാണ് ആദ്യകാല ഇന്ത്യൻ സമൂഹം. അരക്ഷിതാവസ്ഥയുടെ കരി നിഴൽ വീണ ദിനരാത്രങ്ങൾ, പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും അലമുറകൾ... വേദനകളുടെ യാതനകളുടെയും നിലവിളികൾ ഇതിനെല്ലാം ഇന്നും ചരിത്രം സാക്ഷിയാണ്. ഒരു കോടിയിലധികം ജനങ്ങളുടെ ജീവൻ പൊലിഞ്ഞ 'ബ്രിട്ടീഷ്' എന്ന വെള്ളക്കാരന്റെ ഭരണകാലം ഇന്നും ചുടു ചോരയുടെ മണമുള്ള ആ കഴിഞ്ഞ കാലം ആ സമൂഹം ഇന്നും ...ത്തിന്റെ ഓർമകൾ ചലർത്തും നടുക്കം നൽകുന്നവയാണ്. എന്നാൽ യുക്തിബോധത്തോടെ നാം നമ്മുടെ സമൂഹത്തിലേക്ക് ഇന്ന് ഒന്ന് കണ്ണോടിച്ചാൽ ചോരാത്ത കളിയാടുന്ന ഒരു ജനസമൂഹത്തെ അല്ലേ കാണാൻ കഴിയുക.

സ്വന്തം സ്വാർത്ഥ താൽപര്യ ~~അതിനായി~~ മാത്രം ആൾ മറ്റുള്ളവരിലേക്ക് അടിച്ചേൽപ്പിച്ച് അവരുടെ ആവശ്യങ്ങൾ അവഗണിച്ചും സ്വന്തം അധികാ

ഞങ്ങൾ പറയുവാനോ, അറിയുവാനോ എന്തിനേറെ മേലധികാരികൾ~~…~~ക്ക് നേരെ ഒന്നു നോക്കുവാനോ പോലും കഴിയാത്ത ~~…~~ വെള്ളക്കാരന്റെ അധീനതയിലായ ആ പഴയ ഇന്ത്യൻ സമൂഹത്തിലെ പൈശാചികമായ അവസ്ഥ ഇന്ന് ~~ഇന്ത്യ സ്വതന്ത്രമായത്~~ 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രമായതിനുശേഷം പിന്നീടൊരിക്കലും ~~…~~ ആവർത്തിക്കപ്പെട്ടിട്ടില്ല എന്നത് ~~…~~ നമുക്കോരോരുത്തർക്കും ഒരു സമൂഹ ജീവി എന്ന അർത്ഥത്തിൽ അഭിമാനിക്കാം.

~~ഓരോ~~ സമൂഹത്തിലെ ഓരോ ഘടകത്തിനും ഇന്ന് വേറിട്ട ധർമ്മങ്ങളും ചുമതലകളുമുണ്ട് അവ കൃത്യവും, ~~…~~ സുതാര്യവുമായി പാലിക്കപ്പെടുന്നുണ്ടോ എന്നതാണ് നാം വിലയിരുത്തേണ്ടത്. സമൂഹത്തിനെ കൂടുതൽ അറിയുവാനും ആവശ്യങ്ങൾ മനസ്സിലാക്കുവാനും ഒരു പഠനം ഇവ സഹായിക്കുന്നു. മൂല്യങ്ങളും, ധാർമികതകളും ചോർന്ന് പോവാതെ അതിനെ ചേർത്തുപിടിക്കുന്ന ഒരു സമൂഹത്തെയാണ് നമുക്കാവശ്യം അതിനായി ആ സമൂഹത്തിന്റെ ഭാഗമായ നമ്മോരോരുത്തരുമാണ് രംഗത്തുവരേണ്ടത്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അതിനായി നാം നമ്മുടെ ആശയങ്ങളെ പൊതുസ
മൂഹത്തിന്റെ പുരോഗതിയ്ക്ക് കൂടി ഉതകുന്ന രീതിയിൽ
പ്രയുക്തമാക്കേണ്ടതുണ്ട്. അനീതികൾക്കും , അക്രമങ്ങൾ
ക്കും , ചൂഷണങ്ങൾക്കുമെതിരെ ഉയർന്ന ശബ്ദത്തിൽ
പ്രതികരിയ്ക്കേണ്ടതുണ്ട്. അത് ഇന്ന് സമൂഹത്തിൽ
ജീവിയ്ക്കുന്ന ഓരോ പൗരന്റെയും പ്രഥമ ലക്ഷ്യമാ
കേണ്ടിയിരിക്കുന്നു.

ഒരു കാലത്ത് നിലനിന്നിരുന്ന അനീതി
കൾക്കും അക്രമങ്ങൾക്കും എതിരെ പോരാടാൻ വ്യക്തി
കൾക്ക് സ്വാതന്ത്ര്യം ഇല്ലായിരുന്നു എന്നത് ഒരു
നേർ സാക്ഷ്യം തന്നെയാണ്. എന്നാൽ ഇന്ന് സാമൂഹിക-
മായും സാമ്പത്തികമായും മുന്നോട്ട് നിൽക്കുന്ന വികസിത
ജനസമൂഹം വിദ്യാ-സമ്പാദനത്തിലും മുൻപന്തിയിൽ
തന്നെയാണ്. ഏതൊരു കാര്യത്തെയും സസൂക്ഷ്മം വീക്ഷി
ച്ച് സൂക്ഷ്മമായി പരിശോധിച്ച് തെറ്റുകളെയും - ശരിക
ളെയും വേർതിരിച്ച് സമൂഹ വികസനത്തിനായി ഉപ
യോഗിയ്ക്കാൻ ആവുന്നവരുമാണ്. അങ്ങനെ ഒരു സമൂഹ
ത്തിനായാണ് നാമോരോരുത്തരും അധ്വാനിയ്ക്കേണ്ടത്
എങ്കിൽ മാത്രമേ നാം അതിനനുസരിച്ച് വികസിത
മാകൂ. നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അതിർ വരമ്പുകൾക്ക്

നമുക്ക് ചുറ്റുമുള്ളവരും. ഓരോ വ്യക്തി യിലും അന്തർലീനമായിരിക്കുന്ന കർത്തവ്യങ്ങൾ അവനവന്റെ സൂക്ഷിക്കുന്നതുകുന്ന രീതിയിൽ സത്യസന്ധമായും ഉത്തരവാദിത്ത ബോധത്തോടും ആവിഷ്കരിച്ചാൽ മാത്രമേ നാം നമ്മുടെ കർത്തവ്യങ്ങൾ പൂർണ്ണമായും നിറവേറ്റി എന്ന ചാരിതാർത്ഥ്യം നമുക്ക് ലഭിക്കൂ. അതേ തന്നെ ഞാൻ മറ്റൊരുവന്റെ സ്വാതന്ത്ര്യത്തെ ഒരു തരത്തിലും ഹനിച്ചിട്ടില്ല എന്ന പൂർണ്ണ വിശ്വാസവും നമുക്കാവശ്യമാണ്. നമ്മുടെ സ്വാതന്ത്ര്യത്തെ മറ്റൊരാൾ ഹനിക്കുമ്പോൾ നാം പ്രതികരിക്കുന്നതുപോലെ തന്നെ മറ്റുള്ളവർക്കും നമ്മെ പോലെ സ്വാതന്ത്ര്യവും അവകാശങ്ങളും ഉണ്ടെന്ന ഉറച്ച കാഴ്ചപ്പാട് മാത്രം ആണ് ആവശ്യം.

"തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന ക്രിസ്തുദേവന്റെ മഹത് വചനവും സർവ്വ ലോകർക്കും സുഖം ഭവിക്കട്ടെ എന്ന വൈദിക വിശ്വാസവും, അന്യനും നമ്മെ പോലെ ആണെന്ന മുഹമ്മദ് നബിയുടെ സന്ദേശവുമെല്ലാം ഏവരും ഒന്നാണ് എന്ന സന്ദേശമാണ് നൽകുന്നത് ഏവർക്കും തുല്യ സമത്വവും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവകാശങ്ങളും സ്വാതന്ത്ര്യവുമുള്ള ഉറച്ച ~~ശ~~ ശക്തി
യാണ് ഇവിടെയെല്ലാം മുഴങ്ങി കേൾക്കുന്നത്. ~~അതു~~
സാമൂഹ്യജീവിയായ മനുഷ്യന് അവന്റെ അഭിപ്രായ
ങ്ങൾ സത്യസന്ധമായ ~~രീതി~~ രീതിയിൽ സമൂഹത്തിൽ
അവതരിപ്പിക്കുവാനും അതുപോലെ മറ്റുള്ളവരുടെ
സ്വാതന്ത്ര്യത്തെ മാനിക്കുവാനും അംഗീകരിക്കുവാനും
ചുറ്റും മനസ്സാന്നിധ്യമുണ്ടാവേണ്ടത് ഒന്നല്ലേ. അതുപോലെ
നാം നമ്മുടെ ആശയ / ആവിഷ്കാര / അഭിപ്രായ
രീതിയ്ക്കൊപ്പം അന്യന്റെയും പ്രാധാന്യം കൽപിച്ചേ തീരൂ.
നമ്മെ പോലെ പൊതുസമൂഹത്തെയും ഉറച്ച മനസ്സോടെ
കണ്ട് ഓരോരുത്തരുടെ സ്വാതന്ത്ര്യ സമൂഹത്തിലേക്ക് ഉറച്ച
കാൽവെപ്പോടെ ~~[illegible]~~ നമുക്കോരോരുത്തർക്കും ~~[illegible]~~
നീങ്ങാം . . . . .

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)